# APJ ABDUL KALAM TECHNOLOGICAL UNIVERSITY

**CETcampus,Thiruvananthapuram – 695016**

**Ph: 0471 2598122; Fax: 2598522** www.ktu.edu.in**Email:university@ktu.edu.in**


സാങ്കേതിക സർവ്വകലാശാല മൈഗ്രേഷൻഫീസ്: വാർത്ത സത്യവിരുദ്ധം

തിരു: സാങ്കേതിക സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് മൈഗ്രേഷൻ സെർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നിലവിൽ യാതൊരു ഫീസും ഈടാക്കുന്നില്ല. കേരളത്തിലെ ഇതര സർവ്വകലാശാലകൾ മൈഗ്രേഷൻ സെർട്ടിഫിക്കറ്റുകൾക്ക് നിശ്ചിത ഫീസ് ഈടാക്കുന്നുണ്ടെങ്കിലും സാങ്കേതിക സർവകലാശാല ഇവ സൗജന്യമായാണ് നൽകുന്നത്. എന്നാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള കോളേജുകളിൽ നിന്നും വിടുതൽ സെർട്ടിഫിക്കറ്റുമായി എഞ്ചിനീയറിംഗ് തുടർപഠനത്തിനായി സാങ്കേതിക സർവ്വകലാശാലയിലെത്തുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും പാഠ്യ പദ്ധതികളും വിജയിച്ച പരീക്ഷകളുടെ ക്രെഡിറ്റുകളും താരതമ്യപ്പെടുത്തി നിലവിലെ കരിക്കുലത്തിലേക്കു ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. ഇതിനായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ബോർഡ് സ്റ്റഡീസ്, കരിക്കുലം കമ്മിറ്റികൾ ചേരേണ്ടതുണ്ട്. ഇതിനുള്ള ചിലവുകൾ മാത്രമേ സർവകലാശാല ഈടാക്കുന്നുള്ളു. കോവിഡ് ലോക്കഡൗൺ കാലയളവിൽ ഇത് സംബന്ധിച്ച ഉത്തരവുകളൊന്നും തന്നെ സർവകലാശാല പുറപ്പെടുവിച്ചിട്ടില്ല. ഈ വിഷയത്തെ സംബന്ധിച്ചു ചില പത്രങ്ങളിൽ വന്ന വാർത്തകൾ തെറ്റിദ്ധാരണാജനകവും വസ്തുതാവിരുദ്ധവുമാണെന്ന് അറിയിക്കുന്നു.